**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3096 13.03.2017 ൽ മറുപടിയ്ക്ക്**

## ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണവും വിതരണവും

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ബി.സത്യൻ** | ശ്രീ. വി.എസ്.സുനിൽ കുമാർ<br>**( കൃഷി വകുപ്പ് മന്ത്രി)** |
| എ) .ആറ്റിങ്ങൽ മണ്ഡലത്തിലെ ചെറുന്നിയൂർ, ഒറ്റൂർ, മണമ്പൂർ പഞ്ചായത്തുകളിൽ ജൈവ പച്ചക്കറി ഉൽപ്പാദനവും വിപണനവും നടക്കുന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. ചെറുന്നിയൂരിൽ കാർഷിക കർമ്മസേനയുടെ നേതൃത്വത്തിലും, ഒറ്റൂരിൽ കൃഷിക്കാരുടെ ഒരു കൂട്ടായ്മയുടെ നേതൃത്വത്തിലും മണമ്പൂരിൽ കൃഷിഭവന്റെ നേതൃത്വത്തിൽ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയും ജൈവ പച്ചക്കറി ഉൽപ്പാദനവും വിപണനവും നടക്കുന്നുണ്ട്. കൂടാതെ ആറ്റിങ്ങൽ മണ്ഡലത്തിൽ ഹോർട്ടികോർപ്പിന്റെ ഒരു വിപണന കേന്ദ്രവും നിലവിലുണ്ട്. |
| ബി) ജൈവ ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും, വിതരണത്തിനും സാമ്പത്തിക സഹായം നൽകുമോ; | ബി) നിലവിൽ സംസ്ഥാനാവിഷ്കൃത ജൈവകൃഷി പദ്ധതി പ്രകാരം ജി.എ.പി. സർട്ടിഫിക്കേഷൻ ഉള്ള കർഷകരുടെ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പ് വഴി വിപണനം നടത്തുന്നതിനായി ഒരു ഇക്കോഷോപ്പി ന് 5 ലക്ഷം രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നതിന് പദ്ധതിയുണ്ട്. സംസ്ഥാനത്ത് നാളിതു വരെ 66 എക്കോഷോപ്പുകൾ സ്ഥാപിച്ചു കഴിഞ്ഞു. ഈ രീതിയിൽ ഉള്ള കാർഷിക ഉൽപ്പന്നങ്ങൾ എക്കോഷോപ്പ് മുഖാന്തിരം വില്ക്കുന്നതിന് കിലോയ്ക്ക് രണ്ട് രൂപ നിരക്കിൽ പ്രോത്സാഹന തുക (ഇൻസെന്റീവ്) നൽകുന്നു. കൂടാതെ കാസർഗോഡ് ഉൾപ്പെടെയുള്ള |

| | | |
|---|---|---|
| | | ജില്ലകളിലെ 18 ജൈവ പച്ചക്കറി ക്ലസ്റ്ററുകൾക്ക് മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ജൈവ പച്ചക്കറി കിറ്റുകൾ വിൽപ്പന നടത്തുന്നതിന് 3 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലഭ്യമായ വിഷരഹിത പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിന് ഹോർട്ടികോർപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ വർഷം വിഷുവിന് ' **കേരള ഓർഗാനിക്**' എന്ന **പേരിൽ** വിഷ രഹിത പച്ചക്കറി ബ്രാന്റ് ചെയ്ത് വിപണനം ആരംഭിക്കുന്നതാണ്. |
| സി) | കാർഷിക മേഖലയിൽ ചെറുപ്പക്കാരെ ആകർഷിക്കാൻ രൂപീകരിച്ച കാർഷിക കർമ്മ സേനകളെ ഏകോപിപ്പിക്കാൻ പ്രത്യേക പദ്ധതി ആവിഷ്കരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) കാർഷിക കർമ്മ സേനകളുടെ പ്രവർത്തനങ്ങൾ ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറും സംസ്ഥാനതലത്തിൽ അഡീഷണൽ ഡയറക്ടർ (എക്സ്റ്റൻഷൻ), കൃഷി ഡയറക്ടർ എന്നിവരും ഏകോപിപ്പിക്കുന്നു. കാർഷിക കർമ്മസേനകളെ ശാക്തീകരിക്കുവാനും ഏകോപിപ്പിക്കുവാനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിനായി സംസ്ഥാന തല ഏകോപനത്തിനായി ഒരു വിദഗ്ധനായ നോഡൽ ഓഫീസറെ നിയമിക്കുവാനുള്ള നടപടി നടന്നു വരുന്നു. |

S. [signature]

**സെക്ഷൻ ഓഫീസർ**